**അനുബന്ധം-4**

<u>14-07-2022-ലെ ശ്രീ. ടി. സിദ്ദിഖ് എം.എൽ.എ.-യുടെ സബ്മിഷന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നൽകിയ മറുപടിയുടെ ബാക്കിഭാഗം.</u>

നിലവിൽ നഷ്ടം സഹിച്ചുകൊണ്ടാണ് കർഷകർക്ക് കാലിത്തീറ്റ എത്തിക്കുന്നതിന് മിൽമ ശ്രമിച്ചുവരുന്നത്. ക്ഷീരകർഷകന് ഏകീകൃത ചാർട്ട് പ്രകാരമുള്ള പാൽ വില ഓരോ പത്ത് ദിവസം കൂടുംതോറും കൃത്യമായി ക്ഷീരസംഘങ്ങൾക്ക് മിൽമ കൈമാറുന്നുണ്ട്. പാൽ വില വർദ്ധിപ്പിച്ചിട്ടില്ലെങ്കിലും ക്ഷീരകർഷകരുടെ പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുവേണ്ടി മേഖലാ യൂണിയനുകൾ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾവഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. ജൂലൈ 15 മുതൽ കാലിത്തീറ്റ വിലവർദ്ധനവിൽ ആശ്വാസം പകരാൻ മിൽമ ഗോൾഡ് ബ്രാൻഡ് കാലിത്തീറ്റ ഒരു ചാക്ക് വാങ്ങുമ്പോൾ 100 രൂപയുടെ സൗജന്യ കൂപ്പൺ ഏർപ്പെടുത്തുകയാണ്.

മലബാർ, എറണാകുളം മേഖലാ യൂണിയനുകൾ അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ആവശ്യമുള്ള ക്ഷീരകർഷകർക്ക് കിലോഗ്രാമിന് 2 രൂപ തോതിൽ

സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് സംഘങ്ങൾവഴി സൈലേജ് നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

കേരള ഫീഡ്സ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ്-എലൈറ്റ്, കേരള ഫീഡ്സ്-മിടുക്കി, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) എന്നീ കാലിത്തീറ്റകളുടെ വില 11-12-2019-നാണ് നിശ്ചയിച്ചിട്ടുള്ളത്. അസംസ്കൃതവസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോഴെല്ലാംതന്നെ ഈ വിലയിൽനിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. സ്വകാര്യ മേഖലയിൽ ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെയുള്ള കാലയളവിൽ പല തവണയായി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135 രൂപയും കേരള ഫീഡ്സ്-മിടുക്കി കാലിത്തീറ്റയ്ക്ക് 90 രൂപയും നിലവിൽ വില കുറവുണ്ട്. ഗുണമേന്മയുള്ള കാലിത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃതവസ്തുക്കളുടെ വില അഭൂതപൂർവ്വമായി

വർദ്ധിപ്പിച്ചിട്ടുപോലും നഷ്ടം നേരിട്ടുകൊണ്ട് കേരള ഫീഡ്സ് കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കി വരുന്നത്.